(ബി) മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല. ജില്ലാടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

വെള്ളപ്പൊക്കദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തിയ പേരാമ്പ്ര മണ്ഡലത്തിലുള്ള വിവിധ പ്രവൃത്തികൾ

133 (2155) ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തിയ പേരാമ്പ്ര മണ്ഡലത്തിലുള്ള വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ, ചെലവഴിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പ്രവൃത്തികളുടെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പ്രകൃതിക്ഷോഭം നിമിത്തം നശിച്ചുപോകുന്ന വീടുകളുടെ പുനർ നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിക്കാൻ നടപടി

134 (2156) ശ്രീ. ബി. രാഘവൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലമോ അല്ലാതെയോ പൂർണ്ണമായും നശിച്ചുപോകുന്ന വീടുകളുടെ പുനർനിർണ്ണമ്മാണത്തിനുള്ള നഷ്ടപരിഹാരത്തുക വളരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; കേന്ദ്രമാനദണ്ഡമാണോ ഇതിന് തടസ്സം നിൽക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായും നശിച്ചുപോകുന്ന വീടുകൾക്ക് യഥാർത്ഥത്തിലുള്ള നഷ്ടപരിഹാരം നൽകുന്നതിനു പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം വ്യവസ്ഥയില്ല. പൂർണ്ണമായും നശിച്ചുപോകുന്ന വീടുകൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ആശ്വാസ ധനസഹായം മാത്രമാണ് അനുവദിക്കുന്നത്. ഇപ്രകാരം പ്രകൃതി

LIBRARY ARCHIVES Kerala Legislative Assembly

ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ആശ്വാസ ധനം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായും നശിച്ചുപോകുന്ന വീടുകൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം നൽകാവുന്ന പരമാവധി ധനസഹായം 35,000 രൂപയാണ്. കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിനായി നിലവിലുള്ള മാനദണ്ഡങ്ങളിൽ പരിഷ്ക്കാരം വരുത്തുവാൻ സാധിക്കുകയുള്ളു. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമുള്ള തുകയ്ക്ക് പുറമേ സംസ്ഥാന സർക്കാർ പ്രത്യേകം തുക അനുവദിക്കാറുണ്ട്. ആയത് പ്രകാരം സംസ്ഥാന സർക്കാർ പ്രത്യേകമായി അനുവദിച്ച തുക ഉൾപ്പെടെ പൂർണ്ണമായി തകർന്ന വീടുകളുടെ ഉടമയ്ക്ക് ആശ്വാസധനമായി ഇപ്പോൾ ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നു.

ആലത്തൂർ മിനി സിവിൽസ്റ്റേഷൻ

135 (2157) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവൃത്തി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ആലത്തൂർ മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിൽ എത്ര സർക്കാർ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത് ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കാൻ സ്ഥലം നൽകണമെന്നാവശ്യപ്പെട്ട് മറ്റേതെങ്കിലും വകുപ്പ് മേധാവികൾ കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) താലൂക്ക് ഓഫീസ് പുതിയ സിവിൽസ്റ്റേഷനിലേക്ക് മാറുമ്പോൾ നിലവിലെ താലൂക്ക് ഓഫീസ് കെട്ടിടം എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24 ആഫീസുകൾ

1. താലൂക്കാഫീസ്
2. സബ്-ട്രഷറി ആഫീസ്
3. താലൂക്ക് ഇൻഡസ്ട്രീസ് ആഫീസ്
4. താലൂക്ക് സപ്ലൈ ആഫീസ്
5. എ. ഇ. ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly